ഉത്തരം

(എ & ബി) ഇടുക്കി ജില്ലയിലെ നെടുങ്കണ്ടത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള കൽക്കുന്തൽ വില്ലേജിൽ സർവ്വേ നമ്പർ 143/1-ൽപ്പെട്ട 82.84 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും പ്രസ്തുത സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് ലഭിക്കുന്നതിനുള്ള ലാന്റ് റിക്വിസിഷൻ ഫോം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. നെടുങ്കണ്ടത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ബാങ്കിൽനിന്നും മടങ്ങിയ സോളാർ കമ്പനി ചെക്കുകൾ

227 (1971) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കൊച്ചിയിലെ ടീം സോളാർ കമ്പനിയോ സരിതാ നായരോ നൽകിയിരുന്ന എത്ര ചെക്കുകളാണ് ബാങ്കിൽ നിന്നും മടങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2011 ആഗസ്റ്റ് 8-ന് മുഖ്യമന്ത്രിയുടെ ആഫീസിൽ സോളാർ കമ്പനി പ്രതിനിധികളിൽ നിന്നും ലഭിച്ച ചെക്ക് എത്ര ലക്ഷത്തിന്റേതായിരുന്നു; ഇത് ധനകാര്യ വകുപ്പിലെ മോണിറ്ററിംഗ് സെൽ വഴി ബാങ്കിന് കൈമാറുകയും ബാങ്കിൽ നിന്ന് ചെക്ക് മടങ്ങുകയും ചെയ്തിരുന്നുവോ;

(സി) ചെക്ക് മുഖ്യമന്ത്രിക്ക് നൽകുന്ന ഫോട്ടോ ഉപയോഗിച്ചുകൊണ്ട് സോളാർ കമ്പനിയും സരിതയും തട്ടിപ്പ് നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിരുന്നുവോ;

(ഡി) ചെക്ക് നൽകി കബളിപ്പിച്ചവർക്കെതിരെ സ്വീകരിച്ചിരുന്ന നടപടി എന്തായിരുന്നു; ഇത് സംബന്ധിച്ച് പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നുവോ?

ഉത്തരം

(എ-ഡി) ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിവിധ കോടതികളുടെ പരിഗണനയിലായതിനാൽ ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

വിജിലൻസ് അന്വേഷണം

228 (1972) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ വിജിലൻസ് അന്വേഷണം നടന്നിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly